**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1070** **30-06-2022 - ൽ മറുപടിയ്ക്ക്**

**ചവറയിൽ പൈപ്പിടൽ പൂർത്തിയായ റോഡുകളുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചവറ നിയോജക മണ്ഡലത്തിലെ തേവലക്കര ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി പൊളിച്ച റോഡുകൾ സഞ്ചാരയോഗ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പൈപ്പിടൽ പൂർത്തിയായ റോഡുകൾ അടിയന്തരമായി പൂർവ്വസ്ഥിതിയിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ചവറ നിയോജക മണ്ഡലത്തിലെ തേവലക്കര ഗ്രാമ പഞ്ചായത്തിൽ ജല ജീവൻ മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ നൽകിയ കണക്ഷനുകളുമായി ബന്ധപ്പെട്ട് മുറിച്ച റോഡുകളെല്ലാം തന്നെ ഇതിനകം കോൺക്രീറ്റ് ചെയ്ത് പൂർവ്വ സ്ഥിതിയിലാക്കിയിട്ടുണ്ട്. പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടുള്ളത് പ്രധാനമായും പഞ്ചായത്ത് റോഡുകളുടെ വശങ്ങളിലൂടെയാണ്. അവ പൈപ്പ് ലൈൻ സ്ഥാപിച്ചതിന് ശേഷം ഗതാഗത യോഗ്യമാക്കിയിട്ടുണ്ടെങ്കിലും മൺസൂൺ കാലത്തെ മഴയിൽ പൈപ്പ് ലൈൻ സ്ഥാപിച്ച ഭാഗങ്ങൾ ചെറുതായി താഴ്ന്നതിനാൽ അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനു വേണ്ടി പൊട്ടിക്കേണ്ടിവരുന്ന കോൺക്രീറ്റ് റോഡുകൾ മൺസൂൺ കാലത്തിനു ശേഷം പുന:സ്ഥാപിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ